പോലീസ് സേനയിലെ അഴിമതിയും കൈക്കൂലിയും തടയാൻ നടപടി

*18 [501] ശ്രീ. ടി. പി. രാമകൃഷ്ണൻ:
,, എ. സി. മൊയ്തീൻ:
,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിലെ അഴിമതിയും കൈക്കൂലിയും തടയാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) താഴെക്കിടയിലുള്ള പോലീസുകാരുടെ അഴിമതിയും കൈക്കൂലിയും അവസാനിപ്പിക്കാനും കൈക്കൂലി വാങ്ങുന്നവരെ കണ്ടുപിടിക്കുന്നതിനും പോലീസിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) പോലീസ് ഉദ്യോഗസ്ഥരുടെ അവിഹിത സ്വത്ത് സമ്പാദനത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) പോലീസ് സേനയിലെ അഴിമതിയും കൈക്കൂലിയും തടയുന്നതിനും അവ കണ്ടുപിടിക്കുന്നതിനും ശിക്ഷിക്കുന്നതിനും കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരമായി എന്തെങ്കിലും പുതിയ പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ & ബി) പോലീസ് സേനയിലെ അഴിമതിയും കൈക്കൂലിയും തടയാൻ ഈ സർക്കാർ ഫലപ്രദമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ജനങ്ങളുമായി നേരിട്ട് സമ്പർക്കം പുലർത്തുന്ന പോലീസ് കോൺസ്റ്റബിൾ, ഹെഡ്കോൺസ്റ്റബിൾ തുടങ്ങിയവരെ ഒരേ പോലീസ് സ്റ്റേഷനിൽ രണ്ടര വർഷം സേവനം പൂർത്തിയാകുന്ന മുറയ്ക്ക് നിർബന്ധമായും സ്ഥലം മാറ്റി പുതിയ സ്ഥലങ്ങളിലേക്ക് നിയമിക്കുന്നുണ്ട്. പോലീസ് കോൺസ്റ്റബിൾ മുതൽ എസ്. ഐ. വരെയുള്ള ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റത്തെക്കുറിച്ച് മാനദണ്ഡം നിശ്ചയിച്ച് ഡി. ജി. പി. ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. (എക്സിക്യൂട്ടീവ് ഡയറക്ടീവ് 2/02 തീയതി 30-3-2002). പോലീസുദ്യോഗസ്ഥർക്ക് കാലാകാലങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. കൈക്കൂലിക്കെതിരെ പോലീസ് സ്റ്റേഷൻ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ഓഫീസുകളിലും ബോർഡുകൾ പ്രദർശിപ്പിച്ച് പൊതുജനങ്ങളിൽ ഇക്കാര്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കി വരുന്നുണ്ട്. പരാതി ഉണ്ടായാൽ പരാതി വിളിച്ചറിയിക്കുന്നതിന് വിജിലൻസ് ഉദ്യോഗസ്ഥരുടെ ടെലിഫോൺ നമ്പർ സഹിതമാണ് ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് ഇൻസ്പെക്ടർ ജനറൽ, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, പോലീസ് സൂപ്രണ്ട് എന്നിവർ സമയാസമയങ്ങളിൽ പോലീസ് സ്റ്റേഷൻ പരിശോധന നടത്തണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷൻ പരിശോധന സമയത്ത് സഭകൾ വിളിച്ചുകൂട്ടി ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു.

അഴിമതിയും കൈക്കൂലിയും കുറയ്ക്കുന്നതിന്റെ ഭാഗമായി താഴെക്കിടയിലുള്ള പോലീസ് ഉദ്യോഗസ്ഥൻമാരുടെ ക്ഷേമപ്രവർത്തനങ്ങൾ അതീവ ശ്രദ്ധയോടെ നടപ്പാക്കി വരുന്നുണ്ട്. ഇതുമൂലം ഒരു പരിധി വരെ അഴിമതിയും കൈക്കൂലിയും കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

അഴിമതി, കൈക്കൂലി തുടങ്ങിയ പരാതികൾ ലഭിച്ചാൽ അവയിൽ വകുപ്പുതല അന്വേഷണങ്ങളും ആവശ്യമെന്നു കണ്ടാൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തുന്നതിന് നടപടികളും സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (പി) 3497 വിജിലൻസ് തീയതി 11-6-1997 അനുസരിച്ച് വകുപ്പുതലത്തിലുള്ള അഴിമതി ആരോപണങ്ങൾ വേണ്ടത്ര സൂക്ഷ്മത യോടെ കൈകാര്യം ചെയ്യുന്നതിന് ഒരു ഉദ്യോഗസ്ഥനെ വകുപ്പിലെ വിജിലൻസ് ഓഫീസറായും വിജിലസ് ചുമതലക്കാരനായും നിയമിക്കാൻ ഉത്തരവായിട്ടുള്ളതും പോലീസ് വകുപ്പിൽ ഐ. ജി. പി. (എച്ച്ക്യൂ) വിനെ ഈ വകുപ്പിന്റെ വിജിലൻസ് ഓഫീസറായി നിയമിച്ചിട്ടുള്ളതുമാണ്. അഴിമതി ആരോപണം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് പ്രാപ്തരാക്കുന്ന രീതിയിൽ വിജിലൻസ് ഉദ്യോഗസ്ഥർക്ക് ഐ. എം. ജി. യുമായി ചേർന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരി ശീലനം നൽകി വരുന്നുണ്ട്.

ഇതുകൂടാതെ പി. എച്ച്. ക്യൂ. സർക്കുലർ നം. 21/03 തീയതി 31-10-2003 പ്രകാരം എല്ലാ പോലീസ് ജില്ലകളിലേയും ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി. വൈ. എസ്. പി.-മാരെ അതാത് പോലീസ് ജില്ലകളിലെ വിജിലൻസ് ഓഫീസർമാരായി നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. എല്ലാ മാസവും എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാരും പോലീസ് സ്റ്റേഷനുകളിൽ മുന്നറിയിപ്പില്ലാതെ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പി ക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സർദാർ വല്ലഭായി പട്ടേലിന്റെ ജൻമദിനാഘോഷത്തിന്റെ ഭാഗമായി കേന്ദ്ര വിജിലൻസ് കമ്മീഷൻ ഒരാഴ്ച അഴിമതി നിരോധനവാരമായി ആഘോഷിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിൽ കേരള പിറവി ദിനമായ 2003 നവംബർ മാസം ഒന്നാം തീയതി ആരംഭിച്ച് നവംബർ 8-ാം തീയതി വരെയുള്ള കാലയളവ് അഴിമതി നിരോധന ബോധവൽക്കരണ വാരമായി ആചരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പോലീസ് ഉദ്യോഗസ്ഥരുടെ അവിഹിത സ്വത്ത് സമ്പാദനത്തെക്കുറിച്ച് 10 വിജിലൻസ് അന്വേഷണങ്ങളും 23 കോൺഫിഡൻഷ്യൽ വെരിഫിക്കേഷനും സർക്കാർ നിർദ്ദേശപ്രകാരം നടത്തിയിട്ടുണ്ട്. ഇതിൽ മൂന്ന് വിജിലൻസ് അന്വേഷണങ്ങളിലും 9 കോൺഫിഡൻഷ്യൽ വെരിഫിക്കേഷനുകളിലും കണക്കിൽ കവിഞ്ഞ സ്വത്തു സമ്പാദിച്ചുവെന്നുള്ള ആരോപണം തെളിയിക്കപ്പെടാത്തതിനാൽ നടപടികൾ ഒന്നും തന്നെ ശുപാർശ ചെയ്തിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃതസ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ മൂന്നു വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് വകുപ്പിലെ അഴിമതിയും കൈക്കൂലിയും നിരീക്ഷിക്കുവാനും കണ്ടു പിടിക്കുവാനും ഉള്ള നടപടികൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്വീകരിച്ചിട്ടുണ്ട്. വിവരം ലഭിക്കുന്ന പക്ഷം മിന്നൽ പരിശോധനകൾ നടത്തിയും, ട്രാപ്പുകൾ നടത്തിയും അഴിമതിക്കാരെ കണ്ടെത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

നാട്ടറിവുകളും പാരമ്പര്യ സിദ്ധികളും സംരക്ഷിക്കാൻ സംവിധാനം

*19 [502] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി, ഭവനനിർമ്മാണം, വാദ്യ സംഗീതം, ശില്പകല, മൃഗപരിപാലനം, ഔഷധസസ്യ സംരക്ഷണം, ആരോഗ്യ ശുചിത്വപാലനം എന്നീ മേഖലകളിലെ നാട്ടറിവുകളും പാരമ്പര്യസിദ്ധികളും സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) കേരളത്തിന്റെ വിവിധ മേഖലകളിൽ ഉള്ള ഗ്രാമപ്രദേശങ്ങളിലെ ജൈവ വൈവിദ്ധ്യ സംബന്ധിയായ നാട്ടറിവുകൾ സമാഹരിക്കാൻ എന്തെങ്കിലും ശ്രമങ്ങൾ നടന്നുവരുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) വിവിധ ആദിവാസി ഗോത്രങ്ങളുടെ പാരമ്പര്യസിദ്ധമായ നാട്ടറിവുകൾ ശേഖരിച്ച് സൂക്ഷിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) പാരമ്പര്യമായി സിദ്ധ-ആയുർവേദ ചികിത്സാ മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബങ്ങളിൽ നിന്ന് നാട്ടറിവുകളും പൈതൃക സിദ്ധികളും ശേഖരിച്ച് സൂക്ഷിക്കാൻ ധനസഹായം നൽകുന്ന പദ്ധതി തയ്യാറാക്കുമോ;

(ഇ) നാട്ടറിവുകൾക്കും പൈതൃക സിദ്ധികൾക്കും പേറ്റന്റ് അന്യാധീനപ്പെട്ട് പോകാതിരിക്കാൻ ഔദ്യോഗിക സംവിധാനം ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly